**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 655** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വിമുക്തി പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ലഹരിക്ക് അടിമയായവരെ രക്ഷിക്കുവാൻ എക്സൈസ് വകുപ്പ് നടത്തി വരുന്ന വിമുക്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിമുക്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നൂതനവും വൈവിധ്യവുമായ പദ്ധതികളും പരിപാടികളും നടപ്പിലാക്കി വരുന്നു.

**<u>മയങ്ങില്ല കേരളം</u>**

ലഹരി ഉപയോഗവും അനധികൃത ലഹരി വ്യാപനവും ഫലപ്രദമായി തടയുന്നതിനൊപ്പം പ്രതിരോധം, ബോധവൽക്കരണം, ലഹരി ഉപയോഗ സാധ്യതകളുടെ നേരത്തെയുള്ള കണ്ടെത്തൽ, കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സ, പുനരധിവാസം എന്നിവയെ ഏകോപിപ്പിച്ച് ലഹരി മാർഗ്ഗത്തിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്ന കാഴ്ചപ്പാടോട് കൂടി സർക്കാർ "മയങ്ങില്ല കേരളം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി എക്സൈസിന്റെ സേവനം പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തിക്കുന്നതിന് വേണ്ടി "മയങ്ങില്ല കേരളം പോർട്ടൽ, പീപ്പിൾസ് ഐ" മൊബൈൽ ആപ്പ് എന്നിവ ആരംഭിച്ചു.

**<u>പീപ്പിൾസ് ഐ ആപ്പ്</u>**

വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 16-09-2026 മുതൽ 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് വഴി സമർപ്പിക്കുന്ന പരാതികൾ പ്രസ്തുത പ്രദേശത്തിന്റെ ചുമതലയുള്ള എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസിലേക്ക് ഓട്ടോമേറ്റഡ് റൂട്ടിംഗ് (Automated Routing) വഴി ഉടനടി കൈമാറ്റം ചെയ്യപ്പെടുന്നു. ഫീൽഡ് ഓഫീസുകൾ സ്വീകരിക്കുന്ന നടപടികൾ എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് തത്സമയം (Real-time tracking) നിരീക്ഷിക്കാനുള്ള സംവിധാനവും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ദിവസത്തിനുള്ളിൽ പരാതിയിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ടി പരാതി അന്വേഷിക്കുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനും സംവിധാനം നിലവിലുണ്ട്.

**<u>തണ്ടർ ആന്റി നാർകോട്ടിക് ക്ലബ്ബുകൾ</u>**

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ., കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ വിമുക്തി മിഷന്റെ നേതൃത്വത്തിൽ തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**ലഹരി മുക്ത ക്യാമ്പസ്**

സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം ലഹരി വസ്തുക്കളുടെ പിടിയിൽ അകപ്പെടുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പ് കോളേജുകളിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ലഹരി രഹിതമായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും കൂടുതൽ സജീവമാക്കുന്നതിനുമായി എക്സൈസ് വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന "ലഹരിമുക്ത ക്യാംപസ്" എന്ന ആശയത്തിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ 27 കോളേജുകളെ ലഹരിമുക്ത ക്യാംപസുകളാക്കി ഇതിനകം പ്രഖ്യാപിച്ച് കഴിഞ്ഞു. തുടർന്ന് ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളെയും ലഹരിമുക്ത ക്യാംപസുകളാക്കുകയാണ് എക്സൈസ് വകുപ്പിന്റെ ലക്ഷ്യം.

**ഡി -അഡിക്ഷൻ സെന്ററുകൾ**

ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ താലൂക്കുകളിലും വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതും ഡി-അഡിക്ഷൻ സെന്ററുകളിൽ സൈക്യാട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 2026 സെപ്തംബർ വരെ വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ മുഖേന 1,79,078 പേർക്ക് OP ചികിത്സയും 14,254 പേർക്ക് IP ചികിത്സയും നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും കോഴിക്കോട് ജില്ലയിലെ ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

**പുനരധിവാസ കേന്ദ്രങ്ങൾ**

ഡി-അഡിക്ഷൻ ചികിത്സക്ക് ശേഷം ലഹരി മുക്തർ വീണ്ടും ലഹരിക്ക് അടിമപ്പെടാതിരിക്കാൻ പുനരധിവാസം വേണ്ടവർക്ക് ആയതിനുള്ള സേവനം നൽകുന്നതിനായി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് മയങ്ങില്ല കേരളം പദ്ധതിയുടെ ഭാഗമാണ്.

**ജനജാഗ്രതാ സമിതികൾ**

മയങ്ങില്ല കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ പ്രവർത്തിച്ചു വരുന്ന ജനജാഗ്രത സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പൊതുസമൂഹത്തിൽ വാർഡ് തലത്തിൽ തന്നെ ലഹരി ഉപയോഗ സാധ്യതകൾ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാനത്ത് ഉടനീളം ജനജാഗ്രതാ വോളൻറിയർ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും വിപണനവും തടയുന്നതിനായി എക്സൈസ് വകുപ്പിന് ആവശ്യമായ സഹകരണം നൽകുന്നതിനോടൊപ്പം, ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പ്രസ്തുത സമിതികൾ ഇടപെടുന്നു.

**കൗൺസിലിംഗ്**

വിമുക്തി മിഷന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങളിൽ ടോൾഫ്രീ നമ്പർ "14405" മുഖേനയും നേരിട്ടും സൗജന്യ കൗൺസിലിംഗ് സേവനം ലഭ്യമാക്കുന്നു. നിലവിൽ ടി സേവനം 24 മണിക്കൂറും ലഭ്യമാക്കാനുള്ള നടപടികൾ ചെയ്തു വരുന്നു. 2026 ആഗസ്റ്റ് വരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ കൗൺസിലിംഗ് കേന്ദ്രങ്ങൾ മുഖേന 30,343 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ ത്രിതല പഞ്ചായത്ത്, യൂത്ത് ക്ലബ്ബുകൾ, സ്കൂൾ-കോളേജുകൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** വിമുക്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ ത്രിതല പഞ്ചായത്ത്, യൂത്ത് ക്ലബ്ബുകൾ, സ്കൂൾ-കോളേജുകൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**<u>ലഹരി മുക്ത ക്യാമ്പസ്</u>**

സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം ലഹരിവസ്തുക്കളുടെ പിടിയിൽ അകപ്പെടുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പ് കോളേജുകളിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. ലഹരി രഹിതമായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും കൂടുതൽ സജീവമാക്കുന്നതിനുമായി എക്സൈസ് വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന "ലഹരിമുക്ത ക്യാംപസ്" എന്ന ആശയത്തിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ 27 കോളേജുകളെ ലഹരിമുക്ത ക്യാംപസുകളാക്കി ഇതിനകം പ്രഖ്യാപിച്ച് കഴിഞ്ഞു. തുടർന്ന് ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളെയും ലഹരിമുക്ത ക്യാംപസുകളാക്കുകയാണ് എക്സൈസ് വകുപ്പിന്റെ ലക്ഷ്യം.

**<u>യുവശബ്ദം 2026</u>**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന എക്സൈസ് വകുപ്പ് കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "യുവശബ്ദം 2026" എന്ന പേരിൽ ലഹരി വിരുദ്ധ പ്രസംഗ മത്സരം കോളേജ് തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളിൽ ദേശീയത വളർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പ്രസംഗ മത്സരത്തിന് ഒന്നാം സമ്മാനമായി 25,000 രൂപയും രണ്ടാം സമ്മാനമായി 15,000 രൂപയും മൂന്നാം സമ്മാനമായി 10,000 രൂപയും ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

**<u>അറിവാണ് ലഹരി</u>**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് അറിവാണ് ലഹരി എന്ന പേരിൽ ലഹരി വിരുദ്ധ ക്വിസ് മത്സരം സ്കൂൾ തലത്തിലും ജില്ലാതലത്തിലും സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്വിസ് മത്സരത്തിലെ വിജയികൾക്ക് ഒന്നാം സമ്മാനമായി 20,000 രൂപയും രണ്ടാം സമ്മാനമായി 15,000 രൂപയും മൂന്നാം സമ്മാനമായി 10,000 രൂപയും ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

**<u>തണ്ടർ ആന്റി നാർകോട്ടിക് ക്ലബ്ബുകൾ</u>**

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ. കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം

സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു. 2025-26 വർഷത്തിൽ സ്കൂൾതലത്തിൽ 5862 ക്ലബ്ബുകൾ രൂപീകരിച്ചു.

**നേർക്കൂട്ടം കമ്മിറ്റി**

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന കമ്മറ്റിക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. 2026-ൽ 1172 നേർക്കൂട്ടം കമ്മിറ്റികൾ നിലവിലുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ 14 ജില്ലകളിലും ജില്ലാതലത്തിൽ ലഹരിക്കെതിരെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

**ശ്രദ്ധ കമ്മിറ്റി**

കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. നിലവിൽ 626 ശ്രദ്ധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

**ജനജാഗ്രതാ സമിതികൾ**

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിലവിൽ ജനജാഗ്രത വാർഡുതല കമ്മിറ്റികൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. പൊതുസമൂഹത്തിൽ വാർഡ് തലത്തിൽ തന്നെ ലഹരി ഉപയോഗ സാധ്യതകൾ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാനത്ത് ഉടനീളം ജനജാഗ്രതാ വോളന്റിയർ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ലഭ്യമാകുന്ന പരാതികൾ പരിഹരിച്ചും ചികിത്സ, കൗൺസിലിംഗ് സേവനം എന്നിവ ആവശ്യമുള്ളവരെ കണ്ടെത്തി വേണ്ട സഹായങ്ങൾ നൽകിയും, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയ സംവിധാനങ്ങൾ ഏകോപിപ്പിച്ചും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച ജനകീയ ജാഗ്രതാ സമിതികളിലൂടെ പ്രദേശത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉണർവ്വ് പദ്ധതി**

പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങളുടെ വിതരണം എന്നിവ നടത്തുന്ന പദ്ധതിയാണിത്. നിലവിൽ സംസ്ഥാനത്തെ 40 സ്കൂളുകളിൽ ഉണർവ്വ് പദ്ധതി പൂർത്തിയാക്കി. 'ലഹരിക്കെതിരെ കായിക ലഹരി' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ഉണർവ്വ് പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

**വിമുക്തി സ്പോർട്സ് ടീം**

ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ, നെറ്റ് ബോൾ, വോളി ബോൾ, ഹാൻഡ് ബോൾ, ഖോഖോ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിലായി നിലവിൽ 1500 സ്കൂളുകളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

**<u>നേർവഴി</u>**

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണിത്. 29.09.2022 ന് ആരംഭിച്ച ടി പദ്ധതിയുടെ മൊബൈൽ നമ്പർ 9656178000ആണ്.

**<u>ബാല്യം അമൂല്യം</u>**

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് ബാല്യം അമൂല്യം. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം എല്ലാ ജില്ലകളിലുമായി ആകെ 140 സ്കൂളുകളിൽ ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>വിമുക്തി മെന്റേഴ്സ്</u>**

സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും MSW യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തിമെന്റേഴ്സ് ആയി നിയമിച്ച് കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകി വരുന്നു. വിമുക്തി മെന്റേഴ്സ് മുഖേന 2026 സെപ്റ്റംബർ വരെ 5412 പ്രാഥമിക കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

**<u>ബോധവൽക്കരണ ക്ലാസ്സുകൾ.</u>**

ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്. 2025-2026 വർഷത്തിൽ സ്കൂൾ തലത്തിൽ 88497 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും കോളേജ് തലത്തിൽ 9398 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

**<u>ജീവിതമാണെന്റെ ലഹരി</u>**

"കൂടെയുണ്ട് കരുത്തേകാൻ" പദ്ധതിയുടെ ഭാഗമായി ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി "ജീവിതമാണെന്റെ ലഹരി" എന്ന മൊഡ്യൂൾ തയ്യാറാക്കി ശാസ്ത്രീയമായ രീതിയിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നു.

**<u>പെൺകുട്ടികൾക്കായുള്ള സ്വയരക്ഷാ പദ്ധതി</u>**

സംസ്ഥാനത്ത് ഓരോ എക്സൈസ് റേഞ്ചിലെയും ഓരോ സ്കൂളുകൾ തെരെഞ്ഞെടുത്ത് പെൺകുട്ടികൾക്കായി സ്വയരക്ഷ പരിശീലന പദ്ധതി നടപ്പാക്കി 6900 പെൺകുട്ടികൾക്ക് നിലവിൽ സ്വയരക്ഷാ പരിശീലനം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**